LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങൾ.

240. [16] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് എത്ര കോവാപ്പറേറീവു് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടു് ;

(ബി) അവയിൽ കയർ വ്യവസായരംഗത്തു് എത്ര ; നെയ്ത്തുരംഗത്തെത്ര ; കാർഷികരംഗത്തു് എത്ര ; പിന്നാക്കസമുദായക്കാർ സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾ എത്ര ;

(സി) ഈ സൊസൈറ്റികൾക്കൊട്ടുകെ 1955ജൂൺ വരെ ഗവണ്മെൻറു് നൽകിയിട്ടുള്ള ധനസഹായം എത്ര ;

(ഡി) അതിൽ കടമായി നൽകിയിട്ടുള്ളതു് എത്ര ; മറു രീതിയിൽ സഹായമായി നൽകിയിട്ടുള്ളതെത്ര ;

(ഇ) പിന്നാക്കസമുദായത്തിൽപ്പെട്ടവർ രൂപീകരിച്ചിട്ടുള്ള സൊസൈറ്റികൾക്കു് നൽകിയിട്ടുള്ള ധനസഹായം എത്ര ?

ഉത്തരം.

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് 3355 കോവാപ്പറേറീവു് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടു്.

(ബി) അവയിൽ കയർ വ്യവസായ രംഗത്തു് 144–ും, നെയ്ത്തു രംഗത്തു് 200–ും കാർഷികരംഗത്തു് 23–ും ആകുന്നു. പിന്നാക്കസമുദായക്കാർ സംഘടിപ്പിച്ചിട്ടുള്ള സൊസൈറ്റികൾ 192 ആണു്.

(സി) ഈ സൊസൈറ്റികൾക്കു് ഒട്ടാകെ 1955 ജൂൺവരെ 2924192രൂപ 13 അണ 3 പൈസ ഗവണ്മെൻറു് ധനസഹായം നൽകിയിട്ടുണ്ടു്.

(ഡി) അതിൽ കടമായി നൽകിയിട്ടുള്ളതു് 23,28,920 രൂപ, മറ്റിനം 5,95,272 രൂപ 13 അണ 3 പൈസ.

(ഇ) പിന്നാക്കസമുദായത്തിൽപ്പെട്ടവർ രൂപീകരിച്ചിട്ടുള്ള സംഘങ്ങൾക്കു് അധ:കൃതസംരക്ഷക ഡിപ്പാർട്ടുമെൻറിൽ നിന്നും 6220 രൂപ ധനസഹായം നൽകിയിട്ടുണ്ടു്.

സഹകരണസംഘം.

241. [17] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനി ഗവണ്മെൻറിൽ നിന്നും വിലയ്ക്കു് എടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചതിനുശേഷം സംസ്ഥാനത്തു് എത്ര മരച്ചീനി സഹകരണസംഘം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) അങ്ങിനെ രജിസ്റ്റർ ചെയ്യപ്പെട്ട മരച്ചീനി സഹകരണസംഘങ്ങളിൽനിന്നു് ഇതുവരെ എത്ര ടൺ മരച്ചീനി ഗവണ്മെൻറു് വിലയ്ക്കെടുക്കുകയുണ്ടായി ;

(സി) മരച്ചീനി കൃഷിക്കാരുടെ കൈവശം ഉണ്ടായിരുന്ന മരച്ചീനി വളരെ കൂടുതൽ പൊടിഞ്ഞു് നാശമായി പോകുകയും, ബാക്കിയുണ്ടായിരുന്നതു് മിക്കവാറും വിറ്റുകഴിഞ്ഞിരിക്കുന്നതായും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അടുത്ത കൊല്ലമെങ്കിലും മരച്ചീനി വിലയ്ക്കു് എടുക്കുന്നതിനു് സൗകര്യപ്പെടത്തക്കവണ്ണം ഈ സഹകരണസംഘങ്ങൾ കഴിയുന്നത്ര വേഗത്തിൽ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനു് ആവശ്യമായ നിർദ്ദേശം നൽകുന്നതിനു് ഗവൺമെൻറിനു് ദയവുണ്ടാകുമോ ?

ഉത്തരം.

(എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലുള്ളതിൽ മൂന്നു സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ 197 മരച്ചീനി സഹകരണസംഘങ്ങളുണ്ടു്.

(ബി) 9794 ടൺ, 3 ഹ. 2 കപ്പാ. 27 പൗണ്ടു് ഉണക്കിയ മരച്ചീനി സഹകരണസംഘങ്ങൾ വഴിയായി ഗവൺമെൻറു് വിലയ്ക്കെടുത്തു.

(സി) ഇല്ല.

(ഡി) അടുത്തകൊല്ലം മരച്ചീനി വിലയ്ക്കു് എടുക്കേണ്ട കാര്യം ഗവൺമെൻറു് ഇപ്പോൾ ആലോചിച്ചിട്ടില്ല.

പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിലുള്ള കാളനികൾ.

242. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ എത്ര കാളനികൾ നടത്തിവരുന്നുണ്ടു് ;

(ബി) ഈ കാളനികളിലൊട്ടാകെ എത്ര വീട്ടുകാർ താമസിക്കുന്നുണ്ടു് ;

(സി) മലവഴുക്കാർക്കായി എത്ര കാളനികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു് ;

(ഡി) എത്ര കാളനികൾ ഗവൺമെൻറു ചെലവിൽ ഓടുമേഞ്ഞു് എത്ര കെട്ടിടങ്ങൾ വച്ചുകൊടുത്തിട്ടുണ്ടു് ;

(ഇ) കാളനികളിലുള്ള മറ്റു വീടുകൾ മേയുന്നതിനു കാലാകാലങ്ങളിൽ ഗവൺമെൻറിൽ നിന്നു എന്തെങ്കിലും സഹായം നൽകാറുണ്ടോ ;

(എഫ്) കാളനിനിവാസികൾക്കു് അവിടെയുള്ള ഭൂമി മാറ്റിച്ചു് വിൽക്കാൻ അവകാശമില്ലാത്ത വ്യവസ്ഥയിൽ പതിച്ചുകൊടുക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ ;

(ജി) സ്വന്തമായി ഒരു വിധം നല്ല ഓടു് മേയുന്ന വീടുകൾ വയ്ക്കുന്നതിനു സാമ്പത്തികമായ സഹായം ചെയ്യുന്ന കാര്യം ഗവൺമെൻറു് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly